## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1671 06.03.2017-ലെ മറുപടിയ്ക്ക്

**തദ്ദേശസ്വയംഭരണവകുപ്പിൽ പൊതുസർവ്വീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.അൻവർ സാദത്ത്<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ.റോജി എം .ജോൺ | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |
| (എ) | തദ്ദേശസ്വയംഭരണവകുപ്പിൽ പൊതു സർവ്വീസ് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ഏത് ഘട്ടത്തിലാണ്; | (എ) | തദ്ദേശസ്വയംഭരണ വകുപ്പിൻകീഴിലെ വിവിധ സർവ്വീസുകളെ ഏകോപിപ്പിച്ച് കൊണ്ട് രൂപീകരിക്കുന്ന പൊതു സർവ്വീസിന്റെ കരട് സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിന് ലോക്കൽ ഗവൺമെന്റ് കമ്മീഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഇതിനുള്ള സ്പെഷ്യൽ റൂൾ രൂപീകരണം പൂർത്തിയായോ; | (ബി) | ഇല്ല. |
| (സി) | പൊതു സർവീസ് രൂപീകരണത്തിന്റെ ഫലമായി ജീവനക്കാരുടെ സർവ്വീസ് സീനിയോറിറ്റി/പ്രൊമോഷൻ എന്നിവ സംബന്ധിച്ച ആശങ്കകൾ എപ്രകാരം പരിഹരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; ഇതു സംബന്ധിച്ച് സർവ്വീസ് സംഘടനകളുമായി സർക്കാർ ആശയ വിനിമയം നടത്തിയിട്ടുണ്ടോ; | (സി) | ഇതു സംബന്ധിച്ച് ലോക്കൽ ഗവൺമെന്റ് കമ്മീഷൻ സംഘടനകളുമായി ആശയവിനിമയം നടത്തി വരുന്നു. |
| (ഡി) | തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണ പ്രക്രിയയിൽ ഘടക സ്ഥാപനങ്ങളിലെ ജീവനക്കാരുടെ സേവനക്രമീകരണംപോലും കൃത്യമായി ഏകീകരിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ പൊതുസർവ്വീസ് രൂപീകരണം കൊണ്ട് എന്ത് നേട്ടമാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | പൊതു സർവ്വീസ് രൂപീകരണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സേവന സംവിധാനം കാര്യക്ഷമമാക്കുന്നതിനും ആവശ്യമായ ഉദ്യോഗസ്ഥരുടെ ലഭ്യത ഉറപ്പാക്കുവാനും, അതുവഴി പ്രാദേശിക ആസൂത്രണവും നിർവ്വഹണവും സമയബന്ധിതമായി പൂർത്തീകരിക്കുവാനും സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു. |

Beena

സെക്ഷൻ ഓഫീസർ